# ഉയിർപ്പുകാലം

## വചന വിചിന്തനം

### ഉയിർപ്പുകാലം : അഞ്ചാം ഞായർ

**യോഹ 21,1–14**

*"വലിയ മത്സ്യങ്ങളുടെ വലിയ ചാകര കണ്ട്*
*യേശു സ്നേഹിച്ചിരുന്ന ആ ശിഷ്യൻ പത്രോസിനോടു പറഞ്ഞു:*
*"അതു കർത്താവാണ്."*
*സങ്കടങ്ങളിൽ ദൈവത്തെ വിളിക്കുന്നവർ*
*സന്തോഷങ്ങളിൽ ദൈവത്തെ തിരിച്ചറിയാൻ*
*മറന്നുപോകുന്നുണ്ടോ?"*

**ദൈവത്തെ ഉപേക്ഷിക്കുന്നവരെ ദൈവം അന്വേഷിച്ചിറങ്ങുന്ന ചിത്രമാണ് തിബേരിയൂസ് കടൽത്തീരം സമ്മാനിക്കുന്ന ചിത്രം**

ജീവിതത്തിൽ സംഭവക്കാൻ സാദ്ധ്യതയുള്ള ഒരു യാഥാർത്ഥ്യത്തെ സുവിശേഷകൻ വരച്ച് കാണിക്കുകയാണ്. സങ്കടങ്ങളിൽ ദൈവത്തെ വിളിക്കുന്നവർ സന്തോഷങ്ങളിൽ ദൈവത്തെ തിരിച്ചറിയാന് മടിക്കുന്നു എന്നുള്ള യാഥാർത്ഥ്യം. ജീവിതത്തെ ഒന്ന് കൂട്ടിയും കുറച്ചും നോക്കിയാൽ നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന വലിയ ദുരന്തവും ഇതുതന്നെയാണ്. എന്റെ സങ്കടങ്ങളിൽ സഹനങ്ങളിൽ എനിക്ക് താങ്ങായും കൂട്ടായും എന്റെ ദൈവം എനിക്ക് തുണയായ് വേണം. പക്ഷെ, സങ്കടങ്ങളെ സന്തോഷമാക്കി മാറ്റുന്ന സഹനങ്ങളെ അനുഗ്രഹങ്ങളാക്കി മാറ്റുന്ന ദൈവത്തിന് സന്തോഷങ്ങളുടെ നടുവിൽ മുഖം കൊടുക്കാൻ നാം തത്രപ്പെടുന്നുണ്ടോ? ക്രിസ്തു സ്നേഹിച്ചിരുന്ന പ്രേഷ്ഠശിഷ്യൻ അനുകരണീയമായ മാതൃക സമ്മാനിക്കുകയാണ്.

ശിഷ്യപ്രമുഖനായ ശിമയോൻ പത്രോസ് വിശപ്പും ദാഹവും അതിനേക്കാളേറെ പേടിയോടുംകൂടെ വാതിലടച്ച് പ്രാർത്ഥിച്ചിരിക്കുന്ന ശിഷ്യൻമാരോട് പറഞ്ഞു:

"ഞാൻ മീൻ പിടിക്കാൻ പോകുകയാണ്."

വിശപ്പ് ഒരുവനെ ധൈര്യവാനാക്കും എന്നുപറയുന്നത് എത്രയോ ശരിയാണ്. ഞാൻ മീൻ പിടിക്കാൻ പോകുകയാണ് എന്ന ശിമയോന്റെ പ്രഖ്യാപനം ശിഷ്യൻമാർ ശരിവയ്ക്കുംപ്പോലെ അവരും പറഞ്ഞു;

"ഞങ്ങളും നിന്നോടുകൂടെ വരുന്നു."

പക്ഷെ, കടലിന്റെ മുക്കും മൂലയും അരിച്ച് പെറുക്കിയിട്ടും കടലിന്റെ തിരകൾക്കനുസരിച്ച് എവിടെയെല്ലാം ദൈവം ചാകരയൊളിപ്പിച്ച് വച്ചിട്ടുണ്ട് എന്ന് തിരിച്ചറിയാമായിരുന്ന ശിഷ്യൻമാർക്ക് ഒരു രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും അവർക്ക് ഒന്നും കിട്ടിയില്ല. ഇതു കണ്ട കർത്താവ് ഉഷസ്സായപ്പോൾ കടൽക്കരയിൽ വന്നു നിന്നു. എന്നാൽ, ഉയർത്തെഴുന്നേറ്റ കർത്തവിൽ സംഭവിച്ച രൂപമാറ്റത്താൻ അതു കർത്താവാണെന്നു ശിഷ്യൻമാർക്ക് തിരിച്ചറിയാൻ സാധിച്ചില്ല. കർത്താവ് അവരോടു ചോദിച്ചു:

"കുഞ്ഞുങ്ങളേ, നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ?"

"ഇല്ല" എന്ന് അവർ ഉത്തരം പറഞ്ഞു.

ഇതുകേട്ട കർത്താവ് അവരോട് പറഞ്ഞു:

"വള്ളത്തിൻെറ വലത്തു വശത്തു വലയിടുക. അപ്പോൾ നിങ്ങ ൾക്കു കിട്ടും."

അതു കർത്താവാണെന്ന് തിരിച്ചറിഞ്ഞിട്ടൊന്നുമല്ല, മറിച്ച്, ഒരു വൃദ്ധൻ പറഞ്ഞു. അവർ അനുസരിച്ചു. അവിടെയാണ് അൽഭുതം അര ങ്ങേറിയത്. ശിഷ്യൻമാർ കശക്കിയെറിഞ്ഞ വലയിലകപ്പെട്ട മത്സ്യത്തിൻെറ ആധിക്യം നിമിത്തം അതു വലിച്ചു കയറ്റാൻ അവർക്കു കഴിഞ്ഞില്ല. ഒരു രാത്രിയുടെ സങ്കടങ്ങളെ കർത്താവ് ഒറ്റവാക്കാൻ സന്തോഷമാക്കി മാറ്റു ന്നു. ഇത്രയും നേരം ശിഷ്യൻമാർ ആഗ്രഹിച്ചിരുന്ന അൽഭുതമാണ് അര ങ്ങേറുന്നതെങ്കിൽ പിന്നീടങ്ങോട് ക്രിസ്തു ആഗ്രഹിച്ചിരുന്ന അൽഭുതമാണ് അരങ്ങേറുന്നത്.

യേശു സ്നേഹിച്ചിരുന്ന ആ ശിഷ്യൻ പത്രോസിനോടു പറഞ്ഞു:

"അതു കർത്താവാണ്" (യോഹ 21,7).

സങ്കടങ്ങളിൽ ദൈവത്തെ വിളിക്കുന്നവർ പലപ്പോഴും സന്തോ ഷങ്ങളിൽ ദൈവത്തെ തിരിച്ചറിയാൻ മറന്നുപോകുന്നുണ്ട്. അത് ദൈവ ത്തോട് ചെയ്യുന്ന വലിയ അനീതിയാണ് നന്ദികേടാണ് എന്ന് തിരിച്ചറിയാൻ സാധിക്കണം.

ഭാര്യയും ഭർത്താവും മൂന്ന് മക്കളുമടങ്ങുന്ന സന്തുഷ്ട കുടും ബം. ജീവിതത്തിന്റെ ആദ്യനാളുകളിൽ സന്തോഷം മാത്രമാണ് അവരുടെ ജീവിത്തിൽ അരങ്ങേറിയത്. അപ്പോഴൊന്നും ദൈവത്തെ വിളിക്കുകയോ ദൈവത്തെ ഓർക്കുകപ്പോലും ചെയ്തിട്ടില്ല. പക്ഷെ, ഒരുമിച്ചുള്ള ജീവിത ത്തിന്റെ നീളം കൂടുന്നതിനനുസരിച്ച് ചെറിയ ചെറിയ സ്വരചേർച്ചകൾ അവരുടെ ജീവിതത്തിൽ അരങ്ങേറാൻ തുടങ്ങി. പതിയെ ചെറുതിൽ നിന്ന് വലുതിലേയ്ക്കും. അവസാനം, ഭാര്യയുടെ പീഢനം അസഹ്യമായപ്പോൾ അയ്യാൾ വീടുവിടാൻ തന്നെ തീരുമാനിച്ചു. തീവണ്ടിയിൽ കയറി നാട് വിടാൻ തുടങ്ങവേ ഒരു അശരീരി കേട്ടു:

"നീ അതിൽ കയറരുത്. അത് ഉടനെ പാളം തെറ്റും."

അയാൾ നേരെ എയർപോർട്ടിലേയ്ക്ക് വച്ചു പിടിച്ചു. വിമാനത്തിൽ കാലു വച്ച ഉടൻ വീണ്ടും അശരീരി:

"നീ അതിൽ കയറരുത്. അത് ഉടനെ താഴെ വീഴും."

പെട്ടിയും ചുമന്ന് ബസ് സ്റ്റാൻഡിൽ എത്തി ബസിൽ കയറവേ വീണ്ടും അശരീരി;

"നീ അതിൽ കയറരുത്. അത് ഉടനെ കൊക്കയിലേക്ക് മറയും."

അവസാനം, ക്ഷമകെട്ട് അയ്യാൾ ആ അശരീരിയോട് ചോദിച്ചു;

"അല്ലാ നിങ്ങൾ ആരാണ്?"

അശരീരി മറുപടി പറഞ്ഞു;

"ഞാൻ ദൈവമാണ്."

ഇതു കേട്ട ആ മനുഷ്യൻ അശരീരിയോട് പറഞ്ഞു;

"അല്ലയോ പ്രഭോ, ഞാൻ കല്യാണമണ്ഡപത്തിലേയ്ക്ക് പോകാൻ വണ്ടി യിൽ കയറുമ്പോൾ അങ്ങയുടെ തൊണ്ടയിൽ കിച് കിച് ആയിരുന്നോ? ഈ വിപത്തുകളെ കുറിച്ച് നേരത്തെ പറയാമായിരുന്നില്ലേ?"

അതിന് ദൈവം മറുപടി പറഞ്ഞത് ഇപ്രകാരമായിരുന്നു;

"അല്ലയോ മകനേ, ഈ ലോകത്തിലെ ഏറ്റവും നന്ദികെട്ട ജീവി മനു ഷ്യനാണ്. അവന്റെ ജീവിത്തിൽ സന്തോഷം വരുമ്പോൾ ഒരിക്കൽപ്പോലും ദൈവത്തെ ഓർക്കില്ല. മറിച്ച്, സങ്കടം വന്നാൽ ദൈവത്തെ മാത്രമെ

**കടലിൽ മീൻ ഇല്ലാതിരുന്നതുകൊണ്ടല്ല ക്രിസ്തു ശിഷ്യർക്ക് മീൻ കിട്ടാതിരുന്നത്. മറിച്ച്, ക്രിസ്തുവിനോട് ആലോചന നടത്താതി രുന്നതുകൊണ്ടാണ്!**

ഓർക്കുകയുമൊള്ളു. നീ നിന്റെ ജീവിതത്തിലേയ്ക്ക് ഒന്ന് നോക്കുക. നിന്റെ ജീവിതത്തിൽ സന്തോഷം വന്നപ്പോൾ ഒരിക്കൽപ്പോലും എന്നെ വിളിച്ചിട്ടില്ല. എന്തിനേറെ, ഒരിക്കൽപ്പോലും എന്നെ ഓർത്തിട്ടുപ്പോലുമില്ല. സങ്കടം വന്നപ്പോൾ മാത്രമാണ് എന്നെ വിളിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ, വിളിച്ചപ്പോൾ ഉത്തരം നൽകി. അല്ലാതെ, എന്റെ തൊണ്ടയിൽ കിച് കിച് ആയിരുന്നതുകൊണ്ടല്ല ഞാൻ ഉത്തരം തരാതിരുന്നത്!"

ദൈവത്തെ വിളിച്ചപേക്ഷിക്കുന്നവർക്ക് ദൈവം സമീപസ്ഥനാണ് എന്ന് തിരിച്ചറിയാൻ പഠിക്കുക. വിളിക്കും മുമ്പേ ഉത്തരം സമ്മാനിക്കുന്ന ദൈവം എനിക്കുണ്ട് എന്ന ബോദ്ധ്യത്തോടെ ദൈവത്തോട് ചേർന്ന് നിൽക്കാൻ പഠിക്കുക. അങ്ങനെയുള്ളവരെ ദൈവം തന്റെ സമൃദ്ധിയിൽ നിന്ന് അനുഗ്രഹങ്ങൾകൊണ്ട് സമ്പന്നരാക്കും.

ശിമയോൻ പത്രോസ്, ദിദിമോസ് എന്നു വിളിക്കപ്പെടുന്ന തോമസ്, ഗലീലിയിലെ കാനായിൽനിന്നുള്ള നഥാനയേൽ, സെബദിയുടെ പുത്രൻമാർ എന്നിവരും വേറെ രണ്ടു ശിഷ്യൻമാരും മീൻ പിടിക്കാൻ പോയി. അവർ വള്ളത്തിൽ കയറി ഒരു രാത്രി മുഴുവൻ അലഞ്ഞു. പക്ഷെ, ആ രാത്രിയിൽ അവർക്ക് ഒന്നും കിട്ടിയില്ല. ഉഷസ്സായപ്പോൾ ക്രിസ്തു കടൽക്കരയിൽ വന്നു നിന്നു അവരോടു ചോദിച്ചു:

"കുഞ്ഞുങ്ങളേ, നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ?"

"ഇല്ല" എന്ന് അവർ ഉത്തരം പറഞ്ഞു.

ക്രിസ്തു ചോദിക്കുന്ന ചോദ്യം വളരെ കൗതുകകരമായ ചോദ്യങ്ങളിൽ ഒന്നാണ്.

"കുഞ്ഞുങ്ങളേ, <u>നിങ്ങളുടെ</u> അടുക്കൽ മീൻ വല്ലതുമുണ്ടോ?"

"കുഞ്ഞുങ്ങളേ, നമ്മളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ?" എന്നല്ല ക്രിസ്തു ചോദിക്കുന്നത്. ഗുരുവിനെ, ക്രിസ്തുവിനെ ഒഴിവാക്കി പ്രവർത്തിക്കുന്ന എല്ലാ ക്രിസ്തു ശിഷ്യരും ഈ ചോദ്യത്തിന്റെ പരിധിയിൽ വരും. ക്രിസ്തുവിനോട് കൂടെയല്ലാത്ത എല്ലാ അദ്ധ്വാനങ്ങളും വ്യർത്ഥമാണ് എന്ന് ക്രിസ്തുതന്നെ പഠിപ്പിച്ച് തരുകയാണ്. ഞായറാഴ്ച്ച കുർബ്ബാനയ്ക്ക് വരാതെ കട തുറന്നിട്ടും ജപമാലപ്രാർത്ഥനയും മറ്റ് ഭക്തമാർഗ്ഗങ്ങളും ഉപേക്ഷിച്ച് രാവ് പകലാക്കി അദ്ധ്വാനിച്ചിട്ടും അഭിവൃദ്ധിയില്ലെങ്കിൽ കാരണം ഇതു തന്നെയാണ്.

"വള്ളത്തിന്റെ വലത്തു വശത്തു വലയിടുക..." കർത്താവ് ഇന്നും പറയുന്നത് ഇത് തന്നെയാണ്; വലതുവശത്ത് നിലയുറപ്പിക്കുക!

തുടർന്ന് വായിക്കുക, അവൻ പറഞ്ഞു:

"വള്ളത്തിന്റെ വലത്തു വശത്തു വലയിടുക. അപ്പോൾ നിങ്ങൾക്കു കിട്ടും."

അവർ വലയിട്ടു. അപ്പോൾ വലയിലകപ്പെട്ട മത്സ്യത്തിന്റെ ആധിക്യം നിമിത്തം അതു വലിച്ചു കയറ്റാൻ അവർക്കു കഴിഞ്ഞില്ല. "If Christ is with me; i'm hero. If Christ is not with me; i'm zero."

" മകനേ, കഴിവിനൊത്തു ചെലവുചെയ്
കർത്താവിനു യോഗ്യമായ കാഴ്ച ചയ്യുക."

പ്രഭാ 14, 11

ഫാ. ജോബി മേനോത്ത്
+91 944 7777 931